# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5235 | 05.07.2012 ൽ മറുപടിയ്ക്ക്

## കേപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) - ൽ സുപ്രധാന തസ്തികകളിൽ ആളുകളില്ലാത്തതിനാൽ കേപ് - ന്റെ പ്രവർത്തനം അവതാളത്തിലാകുന്നത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) | കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ൽ സുപ്രധാന തസ്തികകൾ ഒഴിഞ്ഞുകിടപ്പില്ല. |
| (ബി) | ഡയറക്ടർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ഒന്നിച്ച് രാജിവച്ചുപോയ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ; | (ബി) | കേപ്പിന്റെ സർവോന്മുഖമായ വികസനത്തിനുവേണ്ടിയാണ് മുൻ ഡയറക്ടർ ശ്രീ. കെ.എസ്. പ്രേമചന്ദ്രക്കുറിപ്പിന്റെ സേവനം 02.06.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം അവസാനിപ്പിച്ചത്. തുടർന്ന് താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായ ചില ഉദ്യോഗസ്ഥർ സ്വന്തം ഇഷ്ടപ്രകാരം ജോലി അവസാനിപ്പിക്കുകയായിരുന്നു. |
| (സി) | അനധികൃത നിയമനങ്ങൾക്കായി മന്ത്രി ഓഫീസ് നിർബന്ധിച്ചതു മൂലമാണ് ഉദ്യോഗസ്ഥർ കൂട്ടത്തോടെ രാജിവച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) യും (ഡി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻ ഡയറക്ടറുടെ സേവനം അവസാനിപ്പിച്ചതിനുശേഷം കേപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുകയാണുണ്ടായത്. |

| | | |
|---|---|---|
| (ഡി) | ഇതുവഴി ഭാവിയിൽ ഉണ്ടാകാൻ പോകുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | |
| (ഇ) | ഉണ്ടെങ്കിൽ ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (ഇ) ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ